<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3522**

**20.06.2018 ൽ മറുപടിക്ക്**

<u>**കൊച്ചി - മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ**</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജോർജ്ജ് എം. തോമസ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| **(എ)** | കൊച്ചി - മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | **(എ)** | കേരളത്തിലെ ഏഴ് ജില്ലകളിലൂടെയാണ് ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ പൈപ്പ് ലൈൻ കടന്നുപോകുന്നത്. കേരളത്തിലെ ദൈർഘ്യം 403 കിലോമീറ്ററാണ്. 6 (1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഉപയോഗാവകാശം ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. മൊത്തം ദൂരത്തെ 7 സെക്ഷനുകളായി തിരിച്ചിരിക്കുന്നു. എല്ലാ സെക്ഷനുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br>കേരളത്തിലൊട്ടുക്കും ഇതുവരെയായി 353 കിലോമീറ്റർ (79%) പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയായി കഴിഞ്ഞു. |
| **(ബി)** | പദ്ധതി പൂർണതോതിൽ എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | **(ബി)** | ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം വാതക പൈപ്പ് ലൈൻ 2018 ഡിസംബറിനകം കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| **(സി)** | പൂർണതോതിൽ പ്രവർത്തന സജ്ജമായാൽ സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | **(സി)** | ഈ പദ്ധതി മൂലം പൈപ്പ് ലൈൻ കടന്നുപോകുന്ന ഏഴ് ജില്ലകളിലുള്ള ജനങ്ങൾക്ക് ഗാർഹിക ഉപയോഗത്തിനും, വാഹനങ്ങൾക്കുമുള്ള ചെലവു കുറഞ്ഞ ഹരിത ഇന്ധനം ലഭ്യമാകുന്നതാണ്. ഇതിന്റെ |

| | | | |
|---|---|---|---|
| | | | നടപടികൾക്ക് ബന്ധപ്പെട്ട കേന്ദ്ര ഏജൻസിയായ പി. എൻ.ജി.ആർ.ബി തുടക്കം കുറിക്കുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുകൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട – വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കുവാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യവസായിക കുതിപ്പിന് ഉപോൽബലകമായി തീരുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു.<br>ഈ ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല നിലവിൽ വരുന്നതോടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും അതിലൂടെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ചിലവു കുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെടുവാൻ സാധിക്കുകയും ചെയ്യും. പ്രകൃതി വാതക ഉപയോഗം മൂലം അന്തരീക്ഷ മലിനീകരണം വളരെയധികം കുറയും എന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല സംസ്ഥാന ഖജനാവിന് പ്രകൃതിവാതക ഉപയോഗത്തിന് അനുസൃതമായി നികുതി വരുമാനം ഗണ്യമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. |

Bindu. T

**സെക്ഷൻ ഓഫീസർ**